പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1000 | 14-10-2026-ൽ മറുപടിയ്ക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> | <u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. മമ്മിക്കുട്ടി | ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ (മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മൺസൂൺ സമയത്ത് മത്സ്യബന്ധനത്തിനായി കടലിൽപോയ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിന് കാലതാമസം ഉണ്ടായത് കടലോരമേഖലയിൽ വലിയ പ്രതിഷേധത്തിന് ഇടയാക്കിയ സംഭവത്തിൽ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ മത്സ്യബന്ധനത്തൊഴിലാളികളോട് സ്വീകരിച്ച സമീപനവും നിലപാടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> കൊല്ലം ജില്ലയിൽ 31-07-2026 തീയതിയിൽ നടന്ന അപകടത്തിൽ രണ്ട് മത്സ്യതൊഴിലാളികൾ മരണപ്പെട്ടിട്ടുള്ളതും ഒരാളെ കാണാതാകുകയും ചെയ്തിട്ടുള്ളതാണ്. 03-08-2026 തീയതിയിൽ നടന്ന അപകടത്തിൽ തമിഴ് നാട് സ്വദേശിയായ ഒരു മത്സ്യതൊഴിലാളി മരണപ്പെട്ടിട്ടുള്ളതാണ്. കാണാതായ ആളെ കണ്ടെത്തുന്നതിനായി 31-07-2026 മുതൽ 18-08-2026 വരെയുള്ള കാലയളവിൽ വകുപ്പിന് കീഴിലുള്ള റെസ്ക്യൂ ബോട്ട്, സ്പീഡ് ബോട്ട്, ഫൈബർ ക്രാഫ്റ്റ് എന്നിവ ഉപയോഗിച്ച് മറൈൻ എൻഫോഴ്‌സ്‌മെന്റ്, കോസ്റ്റൽ പോലീസ്, നീന്തലിൽ പ്രാവീണ്യമുള്ള ലൈഫ് ഗാർഡുമാർ എന്നിവരുടെ സഹായത്തോടെ രക്ഷാപ്രവർത്തനം നടത്തിയിരുന്നു. രക്ഷാപ്രവർത്തനത്തിൽ കോസ്റ്റ് ഗാർഡ്, നേവി ദുരന്ത നിവാരണ അതോറിറ്റി, ടൂറിസം വകുപ്പ് എന്നിവരുടെ സേവനവും ഉറപ്പ് വരുത്തിയിരുന്നു. രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണി വരെ കടലിലും, കായലിലും മുങ്ങൽ വിദഗ്ധർ, ഡ്രോൺ, ഹെലികോപ്റ്റർ എന്നിവരുടെ സഹായത്തോടെയും തെരച്ചിൽ നടത്തിയിരുന്നു. എന്നാൽ ഫിഷറീസ് വകുപ്പ് നടത്തിയ രക്ഷാ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ഉൾക്കൊള്ളാതെ വൈകാരികമായി ചിലർ പ്രതികരിച്ചിരുന്നു. ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സമയോചിതമായ ഇടപെടൽമൂലം ഇപ്രകാരമുള്ള തെറ്റിദ്ധാരണ മാറ്റുന്നതിനും കാണാതായ മത്സ്യത്തൊഴിലാളിയുടെ കുടുംബത്തെയും മത്സ്യത്തൊഴിലാളികളെയും കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടായ അപകടങ്ങളുടെ ഫലമായി മത്സ്യത്തൊഴിലാളികളെ കാണാതായത് സംബന്ധിച്ച വിവരം ലഭിച്ചത് മുതൽ സെർച്ച് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ വളരെ സമചിത്തതയോടെ ജില്ലാ ഭരണകൂടം, ഫിഷറീസ് ഡയറക്ടറേറ്റ് എന്നിവരുമായി ചേർന്ന് ഏകോപിപ്പിച്ച് ചെയ്തതിനാൽ പ്രതിഷേധങ്ങളൊന്നും ഉണ്ടായിട്ടില്ല.

**(ബി)** ഇന്ധന സബ്‌സിഡി ഇനത്തിൽ മുൻസർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകിയ തുകയെത്ര; വർഷം തിരിച്ച കണക്ക് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് ഇന്ധന സബ്സിഡി ഇനത്തിൽ ആകെ 2721.836603 ലക്ഷം രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് നൽകിയ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2016-17 | 315.000000 |
| 2 | 2017-18 | 447.000000 |
| 3 | 2018-19 | 413.818875 |
| 4 | 2019-20 | 354.262306 |
| 5 | 2020-21 | 377.401825 |
| 6 | 2021-22 | 192.713602 |
| 7 | 2022-23 | 188.106770 |
| 8 | 2023-24 | 174.970400 |
| 9 | 2024-25 | 169.035850 |
| 10 | 2025-26 | 89.526975 |
| | **ആകെ** | **2721.836603** |

**(സി)** മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന നിരോധന സമയത്ത് നൽകുന്ന സാമ്പത്തിക സഹായം സമയബന്ധിതമായി നൽകിയോ; വിശദമാക്കാമോ; മുൻസർക്കാരിന്റെ കാലത്ത് നൽകിയ തുകയാണോ ഈ സർക്കാരിന്റെ കാലത്തും നൽകിയത്;

**<u>മറുപടി:</u>** കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും, മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. കോവിഡ്-19-ൻെറ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 2021 മെയ് മാസം മുതൽ 2022 ജനവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര-അനുബന്ധ

മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി. കൂടാതെ 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട 172160 മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് (മറൈൻ കുടുംബങ്ങൾ 132822+അനുബന്ധ കുടുംബങ്ങൾ 39338) ധനസഹായം നൽകുന്നതിനായി 48,20,48,000/- രൂപ CMDRF മുഖേന സർക്കാർ അനുവദിക്കുകയും, അനുവദിച്ച തുക ബന്ധപ്പെട്ട ജില്ലാ ഓഫീസുകൾ മുഖാന്തിരം ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ ചാനലിൽ മണ്ണടിഞ്ഞ് പൊഴി അടഞ്ഞത് മൂലം മത്സ്യബന്ധനത്തിന് പോകാൻ കഴിയാതെ തൊഴിൽ നഷ്ടപ്പെട്ട 2433 (2218 ചിറയിൻ കീഴ് മത്സ്യഭവൻ + 215 പുത്തൻതോപ്പ് മത്സ്യഭവൻ) മത്സ്യത്തൊഴിലാളികൾക്ക് 91 ദിവസത്തെ തൊഴിൽ നഷ്ടത്തിന് MGNREGS നിരക്ക് പ്രകാരം 32,669/- രൂപ വീതം ധനസഹായം അനുവദിക്കുന്നതിന് 7,94,83,677/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സർക്കാർ അനുവദിച്ച് നൽകിയതനുസരിച്ച് തിരുവനന്തപുരം മേഖല ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് ടി തുക അനുവദിക്കുകയും ചിറയിൻകീഴ് മത്സ്യഭവൻ പരിധിയിലുള്ള 2103 പേർക്കും പുത്തൻതോപ്പ് മത്സ്യഭവൻ പരിധിയിലുള്ള 215 പേർക്കും കൂടി 32,699/- രൂപ വീതം ആകെ 7,57,26,742/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

ഈ സർക്കാരിൻെറ കാലത്ത് 2026ജൂലൈ 30 മുതൽ ആഗസ്റ്റ് 09 വരെയുള്ള 11 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട് 174400 (133451 മറൈൻ + 40949 അനുബന്ധ) മത്സ്യ അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ആകെ 11 ദിവസത്തിനു ഒരു ദിവസം 200/- രൂപ നിരക്കിൽ ആകെ 38.3680 കോടി രൂപ CMDRF മുഖേന അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. ഒരാൾക്ക് 200/- രൂപ നിരക്കിലാണ് ഈ സർക്കാരിന്റെ കാലത്തും ധനസഹായം അനുവദിച്ചത്.

**(ഡി)** കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ ആധുനിക ട്രാക്കിംഗ് സംവിധാനം നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** സമുദ്ര മത്സ്യബന്ധന യാനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ദേശീയ വെസൽ കമ്മ്യൂണിക്കേഷൻ ആൻഡ് സപ്പോർട്ട് സിസ്റ്റത്തിന്റെ ഭാഗമായി 3563 യന്ത്രവത്കൃത മത്സ്യബന്ധന യാനങ്ങളിലും (Motorised mechanised) 12121 മോട്ടോറൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും (motorised) ഉൾപ്പെടെ ആകെ 15684 മത്സ്യബന്ധന യാനങ്ങളിൽ ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 6682 മോട്ടോറൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും, 2682 മെക്കനൈസ്ഡ് മത്സ്യബന്ധന യാനങ്ങളിലും ട്രാൻസ്പോണ്ടറുകൾ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള യാനങ്ങളിൽ ട്രാൻസ്പോണ്ടർ ഘടിപ്പിക്കുന്ന പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരുന്നു. ട്രാൻസ്പോണ്ടർ (Transponder) എന്നത് ഒരു മത്സ്യബന്ധന യാനത്തിന്റെ തിരിച്ചറിയൽ വിവരങ്ങളും സ്ഥാനവിവരങ്ങളും ഉപഗ്രഹം വഴിയോ റേഡിയോ ആശയവിനിമയ സംവിധാനം വഴിയോ കൈമാറാൻ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ്. കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർധിപ്പിക്കാനും അപകടസമയത്ത് രക്ഷാപ്രവർത്തനം വേഗത്തിലാക്കാനും ഇത് സഹായിക്കുന്നു. യാനത്തിന്റെ സ്ഥാനം കണ്ടെത്തുന്നതിന്, അപകടസന്ദേശം അയയ്ക്കുന്നതിന്, കാലാവസ്ഥാ മുന്നറിയിപ്പ്, സമുദ്രാതിർത്തി മുന്നറിയിപ്പ്, മത്സ്യബന്ധനത്തിന് സഹായം തുടങ്ങിയവയ്ക്ക്

ട്രാൻസ്പോണ്ടർ സഹായകമാകുന്നു. ട്രാൻസ്പോണ്ടറുകൾ അല്ലാതെ മറ്റ് ട്രാക്കിംഗ് സംവിധാനങ്ങളൊന്നും നിലവിൽ ഏർപ്പെടുത്തിയിട്ടില്ല.

**(ഇ)** പൂർണ്ണ വളർച്ച എത്താത്ത മത്സ്യക്കുഞ്ഞുങ്ങളെ മത്സ്യബന്ധനത്തിന്റെ ഭാഗമായി പിടികൂടുകയും വളംനിർമ്മാണ ആവശ്യത്തിന് ഉപയോഗിക്കുന്നതിനായി കയറ്റി അയക്കുകയും ചെയ്യുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയാനായി എന്ത് നടപടിയാണ് കൈക്കൊള്ളുക; വിശദമാക്കാമോ?

**മറുപടി:** ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള വൻകിട ട്രോളിംഗ് ബോട്ടുകളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും അശാസ്ത്രീയമായി പിടിച്ചെടുക്കുന്ന ചെറുമത്സ്യങ്ങളെ വളം, തീറ്റ എന്നിവയുടെ നിർമ്മാണത്തിനായി അതിർത്തി സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന മത്സ്യബന്ധന യാനങ്ങളെ ഇമ്പൗണ്ട് ചെയ്തു നിയമപ്രകാരം പിഴ ശിക്ഷ ഉൾപ്പെടെയുള്ള നടപടികൾക്ക് വിധേയമാക്കുന്നുണ്ട്. കൂടാതെ ചെറുമീനുകളെ കൂട്ടത്തോടെ പിടിച്ചെടുക്കുന്നത് മത്സ്യവിഭവ ശോഷണത്തിന് ഹേതുവാകും എന്ന് മനസ്സിലാക്കി കേരളം തീരത്തു സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (MLS) നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. അത് ശക്തമായി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തമുണ്ടെങ്കിലേ ഇത്തരം അശാസ്ത്രീയ മൽസ്യബന്ധനം തടയാൻ സാധിക്കൂ എന്നതിനാൽ 2017 ലെ KMFRA പരിഷ്കരണത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തത്തോടെ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്കു രൂപം നൽകിയിട്ടുണ്ട്. അതിൽ സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ, വില്ലേജ്തല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എന്നിവ വഴി ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്.

നിയമലംഘനങ്ങൾക്കെതിരെ പിഴ ഈടാക്കുന്നത് മത്സ്യബന്ധന യാനങ്ങളുടെ എൻജിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിലാണ്. ചുവടെ പട്ടികയിൽ പറയും പ്രകാരമാണ് പിഴ ഈടാക്കുന്നത്.

| ക്രമ നം. | മത്സ്യബന്ധന യാനത്തിന്റെ കുതിരശക്തി | പിഴ |
|---|---|---|
| 1 | 10 HP വരെ | Rs.5000 |
| 2 | 10 HP മുകളിൽ 25 HP വരെ | Rs.10000 |
| 3 | 25 HP മുകളിൽ 50 HP വരെ | Rs.25000 |
| 4 | 50 HP മുകളിൽ 90 HP വരെ | Rs.50000 |
| 5 | 90 HP മുകളിൽ 120 HP വരെ | Rs.90000 |
| 6 | 120 HP മുകളിൽ 150 HP വരെ | Rs.120000 |
| 7 | 150 മുകളിൽ200 HP വരെ | Rs.150000 |
| 8 | 200 മുകളിൽ 280 HP വരെ | Rs.200000 |
| 9 | 280 HP മുകളിൽ | Rs.250000 |

സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം ചെറുമീൻ പിടിച്ചതിന്റെ അടിസ്ഥാനത്തിൽ 60 യാനങ്ങളെ ഇംപൗണ്ട് ചെയ്യുകയും 40,30,000/- രൂപ പിഴയായി ഈടാക്കുകകയും ചെയ്തിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്)

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

| **ക്രമ നം** | **ജില്ല** | **നിയമലംഘനങ്ങളുടെ എണ്ണം** | **ഈടാക്കിയ പിഴ (രൂപയിൽ)** |
|---|---|---|---|
| 1 | തിരുവനന്തപുരം | 4 | 30,000 |
| 2 | കൊല്ലം | 4 | 2,50,000 |
| 3 | ആലപ്പുഴ | 7 | 95,000 |
| 4 | എറണാകുളം | 4 | 13,90,000 |
| 5 | തൃശ്ശൂർ | 1 | 2,50,000 |
| 6 | മലപ്പുറം | 5 | 55,000 |
| 7 | കോഴിക്കോട് | 24 | 17,60,000 |
| 8 | കണ്ണൂർ | 5 | 1,60,000 |
| 9 | കാസർഗോഡ് | 6 | 40,000 |
| **ആകെ** | | **60** | **40,30,000** |